# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കൊരട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം

**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA -TSR (P16)2054/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/03/2023
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊരട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA -TSR (P16)2054/2022. തീയ്യതി: 22/03/2023

# തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 07-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 21-11-2022 | 29-11-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2022 | 29-11-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ .കെ.സി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി.സി.ബിജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി സബിയ എ. വി | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ പ്രദീപ്കുമാർ പി. എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 04-07-2021 |
| ശ്രീ ഷിനിൽ സി. എൻ | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്പിളി.കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ ജോണി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നീന ജോസഫ് | ഹെഡ്മിസ്ട്രസ്, LPS കൊരട്ടി | 01-04-2021 | 31-03-2022 |
| ശ്രീ ജയൻ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സിജി.കെ.വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ പോൾസൺ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ സെബിൻ.പി.എഫ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജിബിന എം.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ പ്രദീപ്കുമാർ പി. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി വാഹിദ ബീബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കട്ടപ്പുറം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി ആനീസ് മുഹമ്മദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കോന്നൂർ സർക്കിൾ | 01-04-2021 | 16-06-2021 |
| ശ്രീമതി ജയലക്ഷ്മി . ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കോന്നൂർ സർക്കിൾ | 17-06-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-10 |
| 11 | വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 1-11 |
| 12 | മുൻകൂർ വരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല. | 1-12 |
| 13 | പ്രൊവിഷൻ -വർക് ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല. | 1-13 |
| 14 | കുടിശ്ശിക ഇല്ലാത്ത ഇനത്തിന് പ്രൊവിഷൻ രേഖപ്പെടുത്തി. | 1-14 |
| 15 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-15 |
| 16 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-16 |
| 17 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-17 |
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്ററിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-18 |
| 19 | .ഡിപ്രിയിസേഷൻ വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല. | 1-19 |

| | | |
|---|---|---|
| 20 | ഡെപ്പോസിറ്റ് രജിസ്ററർ, അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-20 |
| 21 | തൊഴിലുറപ്പ്പദ്ധതി വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തമില്ല. | 1-21 |
| 22 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. | 1-22 |
| 23 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-23 |
| 24 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല. | 1-24 |
| 25 | മുൻകൂർ പ്രവൃത്തികൾ-ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ ചെലവായി കാണിച്ചു | 1-25 |
| 26 | മുൻകൂർ ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തി | 1-26 |
| 27 | " Capital Contribution” ഒരേ തുക രേഖപ്പെടുത്തി. | 1-27 |
| 28 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-28 |
| 29 | Capital Work In Progress വാർഷികകണക്കും ക്യാഷ് ബുക്കും പൊരുത്തമില്ല. | 1-29 |
| 30 | സാമൂഹ്യ ക്ഷേമ പെൻഷൻ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-30 |
| 31 | വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-31 |
| 32 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-32 |
| 33 | വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-33 |
| 34 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-34 |

| | | |
|---|---|---|
| 35 | ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല . | 1-35 |
| 36 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-36 |
| 37 | വസ്തു നികുതി മുൻകൂർ തുക -ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ച | 1-37 |
| 38 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-38 |
| 39 | വാടക ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തി | 1-39 |
| 40 | പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. | 1-40 |
| 41 | വാർഷികകണക്കിലെ ലയബിലിറ്റി ഹെഡ്ഡിലെ തുകകൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-41 |
| 42 | രസീതി പരിശോധന അപാകതകൾ | 1-42 |
| 43 | റേഷൻ കടകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-43 |
| 44 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-44 |
| 45 | പഞ്ചായത്ത് മാർക്കറ്റ്, ആറ്റപ്പാടം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-45 |
| 46 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽപദ്ധതി-തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-46 |
| 47 | പെർമിറ്റ് അപാകതകൾ | 1-47 |
| 48 | തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-48 |
| 49 | വഴിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ-മോട്ടോർ വാങ്ങലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും -മോണിറ്ററിങ്ങ് റിപ്പോർട്ട് ഇല്ല. | 1-49 |
| 50 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത് | 1-50 |

| | | |
|---|---|---|
| 51 | കെൽട്രോണിന് കമ്പ്യൂട്ടർ അനുബന്ധ പദ്ധതികൾക്കായി തുക കൈമാറിയത് -ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. | 1-51 |
| 52 | കന്നുകട്ടി പരിപാലനം -തീറ്റ മുഴുവൻ കൈപ്പറ്റാത്ത വ്യക്തികൾക്കായി അടവാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ ഈടാക്കേണ്ടതാണ്. | 1-52 |
| 53 | കോഴി വളർത്തൽ ജനറൽ പദ്ധതി - പദ്ധതി വിഹിതത്തിനു പകരം മുൻവർഷം ബാക്കി നിന്ന ഗുണഭോക്തൃ വിഹിതം ചെലവഴിച്ചു | 1-53 |
| 54 | അഗതി രഹിത കേരളം പദ്ധതി - അംഗീകാരം ലഭിച്ച പദ്ധതിക്ക് അനുസൃതമായി ഫണ്ട് വകയിരുത്തുന്നില്ല. | 1-54 |
| 55 | ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി വ്യവഹാര നടപടികളിൽ തടസ്സപ്പെട്ടിരിക്കുന്നു. | 1-55 |
| 56 | 1960 ലെകേരള ലാന്റ് അസൈൻമെന്റ് ആക്റ്റ് പ്രകാരം ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതു സംബന്ധിച്ച് | 1-56 |
| 57 | മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-57 |
| 58 | മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-58 |
| 59 | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം-രേഖകൾ ഹാജരാക്കേണ്ടതാണ് | 1-59 |
| 60 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ്  കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. | 1-60 |
| 61 | പഞ്ചായത്ത് എൽ പി സ്കൂൾ ലാബ് സെറ്റ് ചെയ്യൽ | 1-61 |
| 62 | ലൈഫ് മിഷൻ (ജനറൽ) | 1-62 |
| 63 | ലൈഫ് മിഷൻ (എസ് സി) | 1-63 |
| 64 | ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. | 1-64 |
| 65 | പ്രൊജ. നം. 249/22 –അസറ്റ്/ റോഡ് മാപ്പിങ് പ്രൊജക്റ്റ് പൂർത്തികരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-65 |

| | | |
|---|---|---|
| 66 | പ്രൊജ.നം. 168/22 വഴിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്ടെൻഷൻ -അപാകതകൾ | 1-66 |
| 67 | ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല | 1-67 |
| 68 | കാലി ബാരലിന്റ വില ബിറ്റുമിനു ചെലവു ചെയ്ത ഫണ്ടിലേക്ക് / ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല. | 1-68 |
| 69 | പ്രൊജ.നം. 244 /22 ആരോഗ്യജാഗ്രതാകേന്ദ്രം കെട്ടിട നിർമാണം കരാറുകാരന് അധികം തുക നല്കി | 1-69 |
| 70 | MNREGA പ്രവൃത്തികൾ ആദായനികുതി, ജി.എസ്.ടി- ടി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ല | 1-70 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പ്രൊജ.നം. 244 /22 ആരോഗ്യജാഗ്രതാകേന്ദ്രം കെട്ടിട നിർമാണം കരാറുകാരന് ₹2918 - അധികം നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20.02.2021, തീരുമാനം നം.3[1] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 393469946 | 349709250 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 09.02.2022, തീരുമാനം നം. 1[5] | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 333931488 | 309173192 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 12-05-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34886753 |
| വരവ് | 129736927.00 |
| ആകെ | 164623680.00 |
| ചെലവ് | 135347155.00 |
| നീക്കിയിരിപ്പ് | 29276525.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14908000 | 14908000 | 14908000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7760000 | 7760000 | 7760000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17746000 | 17746000 | 1319435 | 16426565 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6910001 | 6910001 | 6349738 | 560263 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)Tied | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Untied | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 233 | 114174605 | 192 | 75357600 | 18 | 23 | 82.40% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3899 | 735126 | 739025 | 739025 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20526758 | 20526758 | 20526758 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 4650200.00 | 3008 |
| വിധവാ പെൻഷൻ | 19540300.00 | 12494 |
| വാർദ്ധക്യകാല പെൻഷൻ | 47449900.00 | 31447 |
| വികലാംഗ പെൻഷൻ | 5135700.00 | 3286 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1888600.00 | 1201 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000.00 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2022 തീയതിയിൽ 3:35 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32731/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച പരാമർശങ്ങൾ ഈ റിപ്പോർട്ടിന്റെ വിവിധ ഖണ്ഡികകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 വരവ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6 ലൈബ്രറി രജിസ്റ്റർ

7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-12 മുൻകൂർ വരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 214110 |
| 2. | പരസ്യനികുതി | 350410103-Advance Collection Of Revenues-Advertisement Tax | 50000 |
| 3 | ലൈസൻസ് | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 329700 |
| 4. | വാടക | 350410401-Advance Collection Of Revenues-Rent From Buildings | 231403 |
| 5 | ലേലം | 350410901-Advance Collection Of Revenues-Sale Of Usufructs | 4300 |

## 1-13 പ്രൊവിഷൻ -വർക് ഷീറ്റ്, ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(A) പ്രകാരം, വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2022 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | ശീർഷകം | 2021-22 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2022 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100104-Provision For Doubtful Receivable-Rent From Buildings | 0 | 196033 |
| 2. | Lease Of Land | 0 | 23738 |
| 3 | Proerty Tax | 0 | 1487961 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-14 കുടിശ്ശിക ഇല്ലാത്ത ഇനത്തിന് പ്രൊവിഷൻ രേഖപ്പെടുത്തി.

നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം കിട്ടാനുള്ള തുകകൾക്കാണ് പ്രൊവിഷൻ രേഖപ്പെടുത്തേണ്ടത്. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി 15 പ്രകാരം ഭൂമി പാട്ടം കുടിശ്ശിക ഇല്ല. തുക കുടിശ്ശിക ഇല്ലാതിരിക്കെ കിട്ടാനുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തേണ്ട ആവശ്യമില്ല. ആയതിനാൽ ഈ 2022-23 നടപ്പുവർഷത്തിൽ ഈ രേഖപ്പെടുത്തൽ റിവേഴ്സ് എൻട്രിമുഖേന റദ്ദാക്കേണ്ടതാണ്.

## 1-15 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 2183701.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 2059646.00 |
| 280100102-Prior Period Income-Profession Tax Institutions/Professional/Traders | (45811.00) |
| 280200201-Prior Period Income-Licence Fees | (1800.00) |
| 280800201-Prior Period-Administative Expenses | (784659.00) |
| 280800701-Prior Period- Miscellaneous Expenses | (1223529.00) |

## 1-16 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-17 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്.

## 1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5610228.00രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9828433.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-19 .ഡിപ്രിയിസേഷൻ വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 7569701.00 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-20 ഡെപ്പോസിറ്റ് രജിസ്ററർ, അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കണക്കാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ 31.3.22 ലെ നീക്കിയിരിപ്പ് തുക, ബാലൻസ്, ഷീറ്റ് ഷെഡ്യൂൾ ബി -7, ബി-18, ബി -14, ബി-11 എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാനായില്ല.

## 1-21 തൊഴിലുറപ്പ്പദ്ധതി വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തമില്ല.

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി (ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-6) പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 111 രൂപ പലിശ ഷെഡ്യൂൾ I-6 ൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ NREGS ന്റെ സ്റ്റേറ്റ് അക്കൗണ്ടിലേക്ക് തിരിച്ചടച്ച 4010 രൂപ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-14 A യിൽ ഉൾപ്പെടുത്തിയിട്ടില്ല.

21.1പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ റവന്യൂ ചെലവ് 21261774.00 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ തോട് പാർശ്വഭിത്തി സംരക്ഷണത്തിനുള്ള 397638 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രം. നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വർഡ് 13 കമ്പനിത്തോട് പാർശ്വഭിത്തി സംരക്ഷണം | 397638 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 397638 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 397638 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-22 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 0 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല.

22.1സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-23 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200318 | Grant For Buial And Burning Grounds | 496625 | ഇല്ല. സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകസ്പെഷൽ ടിഎസ് ബി അക്കൗണ്ട് ഉണ്ടെങ്കിലും പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പും ബി4 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | | |
| 2 | 320200322 | Grant From Suchitwa Mission | 1886821 | | | |
| 3. | 320300199 | Grants, Funds,Contribuions For Specific Purposes-Other Govt. Agencies | 41834 | | | |
| 4 | 320700204 | Contribuions For Joint Venture Projects -Revenue Block Panchayatyh | 2459947 | | | |

## 1-24 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ഇല്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410102 | SBI Pension | 20067 |

## 1-25 മുൻകൂർ പ്രവൃത്തികൾ-ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ ചെലവായി കാണിച്ചു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | വൗച്ചർ നമ്പർ/ ബിൽ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 248/22 സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ് 6 | 416/11.03.2022 | 199991 | 252100101Energy-Electrification Of Street Light General | 460500202-Advance To Implementing Agencies-Deposit With Keala Electricity Board |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 208/22ഇരട്ട ലക്ഷം വീടുകൾ ഒറ്റവീടാക്കൽ | 22100880/22.10.21<br>22101139/16.09.21 | 995000<br>738856 | 251300101-Housing General | 460500399-Advance To Other Authorised Agencies |

## 1-26 മുൻകൂർ ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തി

പദ്ധതി നമ്പർ 56 ലെ കമ്പ്യൂട്ടർ വാങ്ങൽ പദ്ധതിയിൽ കെൽട്രോണിന് അഡ്വാൻസ് നൽകിയത് 31.3.22 ലെ ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി18 ൽ 460100199 Other Advances എന്ന ഹെഡ്ഡിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മുൻകൂർ തുകക്കുള്ള (354228 /- രൂ) കമ്പ്യൂട്ടറുകൾ 21-22 സാമ്പത്തിക വർഷം തന്നെ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതും സ്റ്റോക്കിൽ എടുത്തിട്ടുള്ളതുമാണ്. ആയതിനാൽ 22-23 സാമ്പത്തിക വർഷത്തെ വാർഷികകണക്കിൽ മേൽ തുക മുൻകൂറിൽ നിന്ന് മാറ്റി ഉചിതമായ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-27 " Capital Contribution” ഒരേ തുക രേഖപ്പെടുത്തി.

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-28 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 967224 | 22.12.21 | 31000 |

28.1 ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (TDCB OWN FUND) 175000 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകളും ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 Capital Work In Progress വാർഷികകണക്കും ക്യാഷ് ബുക്കും പൊരുത്തമില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 3,44,689 രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 10,85,848 രൂപ യാണ്.

## 1-30 സാമൂഹ്യ ക്ഷേമ പെൻഷൻ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിലെ വരവും ചെലവും വാർഷികകണക്കിൽ ചേർത്തിട്ടില്ല.

## 1-31 വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ

പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4160515 | 4086739 | 78781 | 4217 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4160515 | 4077667 | 290301 | *4217 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 4429/105X100)= 4218 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-32 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10384973 | 9642373 | 135056 | 623088 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10384973 | 5546168 | 135056 | *623088 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(654289 /105X100 =623132) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.മുൻകൂർ ക്രമീകരിച്ച തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-33 വസ്തു നികുതി - റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 31601 | 18059 | 13550 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *25934 | 18058 | **13550 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | ഷെഡ്യൂൾ ബി-15) (11724+15507= 27231/105*100) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | (14233/105X100)=13555, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ് – കളക്ഷൻ + മുൻകൂർ = ബാലൻസ്)

## <u>1-34 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല</u>

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3822207 | 117638 | 3704587 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3767792 | 995578 | **3704587 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (686945+3269237/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (3890067/105X100)=3704826 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

| | | | |
|---|---|---|---|
| | | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ് ,കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

2.ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. (ഡിമാന്റ്-കളക്ഷൻ+മുൻകൂർ= ബാലൻസ് )

## 1-35 ലൈബ്രറി സെസ്സ്-വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല .

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 491649രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 699596 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 713422 രൂപയാണ്.(വൗച്ചർ 42100439 തീ 31.3.22)

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-36 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽഎൻട്രി മുഖേന

ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ കൊരട്ടി ഗ്രാമപഞ്ചായത്തിൽ 160 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## <u>1-37 വസ്തു നികുതി മുൻകൂർ തുക -ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ച</u>

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 13629 | 290301 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 4109 | 135056 |

## 1-38 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 425357 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

9.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100431 | 31/3/2022 | 78,781.00 |
| 2 | 42100433 | 31/3/2022 | 211,520.00 |

9.2 നോൺ-റെസിഡൻഷ്യൽ

| ക്ര.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100438 | 31/3/2022 | 135056 |

## 1-39 വാടക ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തി

2021-22ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (16 കെട്ടിടങ്ങൾ) | 130100101- Rent From Building | 1156988 | 31.3.22 | 42100415 |
| 2. | ഭൂമി പാട്ടം (4 എണ്ണം) | 130100102- Rent From Lease Of Lands | 101459 | 31.3.22 | 42100416 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി

തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-40 പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.

വാർഷികകണക്ക് ബാലൻസ് ഷീറ്റ് ബി 17& R&P ഷെഡ്യൂൾ 40ബി എന്നിവയിലെ ബാങ്ക് ബാലൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ് ബി ഐ പെൻഷൻ അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

## 1-41 വാർഷികകണക്കിലെ ലയബിലിറ്റി ഹെഡ്ഡിലെ തുകകൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി7 ലെ 340109901 Other Deposit എന്ന ഹെഡ്ഡിലെ 631225 രൂപ 18.8.2012 മുതൽ പ്രസ്തുത ഹെഡ്ഡിൽ തുടരുന്നതാണ്. പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി9 ലെ താഴെ കൊടുക്കുന്ന ഹെഡ്ഡിലെ തുകകളും ഏതിനത്തിലേതാണെന്ന് പരിശോധിച്ച് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് | തുക | ഇനം | റിമാർക്സ് |
|---|---|---|---|---|
| 1 | 350300108 | 9373 | റോയൽറ്റി | 13.7.20 മുതൽ |
| 2 | 350300109 | 771901 | Unutilised Grant | 18.8.2015 മുതൽ |
| 3 | 350410103 | 50000 | പരസ്യ നികുതി മുൻകൂർ | 8.3.17 മുതൽ |
| 4 | 350800299 | 356063 | Other Liabilities | 01.04.08 മുതൽ |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ഉൾപ്പെട്ടിരിക്കുന്ന താഴെ കൊടുക്കുന്ന തുകകൾ വിനിയോഗിച്ചിട്ടില്ല. പ്രസ്തുത തുകകൾ വിനിയോഗിക്കുന്നതിനോ അല്ലാത്ത പക്ഷം ലഭ്യമാക്കിയ സ്രോതസ്സിലേക്ക് തിരികെ അടവാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് | തുക | ഇനം |
|---|---|---|---|
| 1 | 320200318 | 496625 | Grrant For Burial And Burning Ground |
| 2 | 320200322 | 1886821 | ശുചിത്വ മിഷൻ വിഹിതം |
| 3 | 320700204 | 2459947 | ബ്ലോക്ക് വിഹിതം |

## 1-42 രസീതി പരിശോധന അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിങ്ങ് കമ്പോസ്റ്റ് ഗുണഭോക്തൃവിഹിതം കളക്റ്റ് ചെയ്യുവാനായി ഉപയോഗിച്ച രസീത് ബുക്ക് നമ്പർ 5901 പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീതി നമ്പർ 1,13,14,19 മുതൽ 21 വരെ, 26 മുതൽ 34 വരെ എന്നീ രസീതികളുടെ അസ്സൽ പരിശോധനയ്ക്ക് ലഭ്യമായില്ല , പകരം പകർപ്പുകളാണ് പരിശോധനയ്ക്ക് ലഭ്യമായത്.

2. രസീതി നമ്പർ 5,12,15 മുതൽ 18 വരെയുള്ള രസീതികൾ, 22 മുതൽ 25 വരെയുള്ള രസീതികൾ എന്നിവയുടെ അസ്സൽ &പകർപ്പ് പരിശോധനയ്ക്ക് ലഭ്യമായില്ല.

3. രസീതി നമ്പർ 38 മുതൽ 41 വരെ, രസീതി 46 &47 എന്നിവയിൽ രേഖപ്പെടുത്തിയ തീയതികൾ തിരുത്തി എഴുതിയിരിക്കുന്നതായി കണ്ടു.

4.6 മുതൽ 11 വരെയുള്ള അസ്സൽ രസീതികൾ രസീതി ബുക്കിൽ നിന്നും കീറി മാറ്റി പിൻ ചെയ്ത് വച്ചിരിക്കുന്നു.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:6, തീയതി :23/11/2022) ലഭ്യമായ മറുപടിയിൽ ഗുണഭോക്തൃവിഹിതം സ്വീകരിക്കുന്ന നടപടികളിലുള്ള പരിചയക്കുറവുമൂലം പകർപ്പ് രസീതി നല്കുന്നതിന് പകരം അസ്സൽ രസീതി നല്കിയെന്നും പ്രോജക്ട് നിർവഹണത്തിന്റെ തിരക്കിൽ പല കാര്യങ്ങൾ ചെയ്യുന്നതിനിടയിൽ രസീത് എഴുതിയതുമൂലം വന്നപിഴവുകളാണെന്നും അസ്സൽ രസീതുകൾ ഗുണഭോക്താക്കളിൽ നിന്നും തിരികെ വാങ്ങി സൂക്ഷിക്കുവാൻ ശ്രമിച്ചെങ്കിലും മുഴുവൻ രസീതികളും തിരികെ വാങ്ങാൻ സാധിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിനുവേണ്ടി നിർവഹണ ഉദ്യോഗസ്ഥർ പണം സ്വീകരിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ -2011, ചട്ടം 20(2)ലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ക്രമനമ്പർ 2 ൽ സൂചിപ്പിച്ച അപാകതയ്ക്ക് കളക്ട് ചെയ്ത തുകകൾ അന്നേദിവസം തന്നെ പഞ്ചായത്തിൽ

അടവാക്കിയിട്ടുണ്ടെന്നും കളക്ഷൻ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. ക്രമനമ്പർ 2 ൽ സൂചിപ്പിച്ചിട്ടുള്ള രസീതികൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-43 റേഷൻ കടകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തൊഴിൽനികുതി (സ്ഥാപനം/ജീവനക്കാർ) ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 9/26.11.2022).

## 1-44 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു

1. വി.കെ ഗംഗാധരൻ

2. റോയ്. കെ. ജെ

3. കെ.പി.ജോസഫ്

4.ലിയോൺ. എം. വി

5. കെ.വി.ചന്ദ്രൻ

6.ബാബു ആന്റണി

7.ജെയ്ജോ.എം.ജോസ്

8.ഷാജു.പി.ദേവസ്സി

9.എം.ആർ.രവീന്ദ്രൻ

10.ഏലിയാസ്. കെ.കെ

11.എം.എ .ഡേവിസ്

12.ജോളി ബെന്നി

13.ജോസ് പോൾ

14.ഫ്രെഡി ഫ്രാൻസിസ്

15.എം.ഒ.ജോസ്

16.എം.വി.ദേവസ്സി

17.ജിജി.കെ.എസ്

18.എം. ടി.ഡേവിസ്

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.9/26.11.2022) തൊഴിൽനികുതി അടവാക്കുന്നത് സംബന്ധിച്ച് കരാറുകാർക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്ന മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-45 പഞ്ചായത്ത് മാർക്കറ്റ്, ആറ്റപ്പാടം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് മാർക്കറ്റ്, ആറ്റപ്പാടം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ ലൈസൻസ് വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:30, തീയതി :29/11/2022) പഞ്ചായത്ത് മാർക്കറ്റിലെ സ്ഥാപനങ്ങൾ നിലവിലും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും ആറ്റപ്പാടം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഫ്ലയർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്നുമുള്ള മറുപടിയാണ് ലഭ്യമായത്. ലൈസൻസ് എടുക്കുന്നതിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് മാർക്കറ്റിൽ പ്രവർത്തിക്കുന്ന മാംസവില്പനശാല 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38ൽ പറയുന്നവ്യവസ്ഥകൾ പാലിക്കാതെയാണ് പ്രവർത്തിക്കുന്നത്. മാംസവില്പനശാല ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-46 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽപദ്ധതി-തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽപദ്ധതിയിൽ കൈപ്പറ്റിയ തുക ഗുണഭോക്താക്കൾ തിരികെ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതി ബുക്ക് നമ്പർ | രസീതിനമ്പർ/തീയതി | തുക |
|---|---|---|
| 3173 | 19/3-8-2021 | 26625/- |
| 3173 | 20/3-8-2021 | 26625/- |
| | | 53250/- |

പഞ്ചായത്ത് ഫണ്ടിൽ നിന്നും ടി തുക 53250/- രൂപ സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ:29, തീയതി :29/11/2022) .

## 1-47 പെർമിറ്റ് അപാകതകൾ

1. ഫയൽ നമ്പർ. B4/2941/2021

രാഘവൻ എം. വി, മുക്കിൽ വീട് എന്നവർ പെർമിറ്റിനായി സമർപ്പിച്ച ഫയൽ പരിശോധനയിൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 106.61എം$^2$ ഉം, നിലവിലുള്ള ഷെഡിന്റെ വിസ്തീർണ്ണം 37.9എം$^2$ഉം ആണ്. നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം സഞ്ചയ പ്രകാരം 56എം$^2$ ഉം , നിലവിലുള്ള ഷെഡിന് നമ്പർ നല്കിയിട്ടില്ലെന്നും കൂടുതലായി നിർമ്മിച്ച കെട്ടിടഭാഗവും ഷെഡും ക്രമവൽക്കരിക്കണമെന്നും 27/4/2021 ലെ B4-2940/2021 കത്തിലൂടെ ഉടമസ്ഥനെ അറിയിച്ചെങ്കിലും അപാകതകൾ പരിഹരിച്ചിട്ടില്ല.

ഫയൽ നമ്പർ. B4/10558/2021

ബിനോ റപ്പായി, തണ്ടപ്പിള്ളി ഹൗസ് എന്നവർ 14.56എം$^2$ വിസ്തീർണ്ണമുള്ള കോമേഴ്സ്യൽ കെട്ടിടത്തിന്റെ പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽനിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 139.85 എം$^2$ ഉം ടി കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം 56എം$^2$ ഉം ആകുന്നു.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:23, തീയതി :29/11/2022) ഉടമസ്ഥർക്ക് കത്ത് നല്കിയെങ്കിലും നാളിതുവരെ ക്രമവൽക്കരണത്തിന്അപേക്ഷ സമർപ്പിച്ചിട്ടില്ലെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കേണ്ടതും കത്ത് നല്കിയ തീയതി മുതലുള്ള നികുതി ചട്ടപ്രകാരം ഈടാക്കേണ്ടതുമാണ്.

## 1-48 തുടർനടപടികൾ അറിയിക്കേണ്ടതാണ്

കൊരട്ടി പോളി ടെക്നിക്കിന് സമീപം ഔസേഫ് മകൻ ജോയി എന്നയാൾ നടത്തിയ നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച് കെ.പി.ബി.ആർ പ്രകാരമുള്ള അനുമതി ഇല്ലാതെയാണ് കെട്ടിടം നിർമ്മിച്ചതെന്നും കെട്ടിടത്തിന് നമ്പർ നല്കിയിട്ടില്ലെന്നും 23/4/22 ലെ സി2-3150/2022 കത്തിലൂടെ വിവരാവകാശത്തിന് മറുപടി കൊടുത്തിട്ടുണ്ട്. പ്രസ്തുത ഫയൽ ഹാജരാക്കുവാനും നിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികൾ അറിയിക്കുവാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:13, തീയതി :26/11/2022) ടി കെട്ടിടം പൊളിച്ചുകളയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന മറുപടി ലഭ്യമായിട്ടുണ്ട്, എന്നാൽ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-49 വഴിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ-മോട്ടോർ വാങ്ങലും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും -മോണിറ്ററിങ്ങ് റിപ്പോർട്ട് ഇല്ല.

പദ്ധതി നമ്പർ-197/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ചെലവ്-21763

പ്രസ്തുത പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക്കൽ സാമഗ്രികൾ വാങ്ങിയതിന് മെഷീൻ ലാന്റ് എന്ന് സ്ഥാപനത്തിന് (ഇൻവോയ്സ് നം.10470/21-22/21.2.22) 21763 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് നൽകി. എന്നാൽ പദ്ധതി പ്രവർത്തനക്ഷമമാക്കിയോ എന്നതിന് മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ട് ഫയലിൽ ഇല്ല. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1.മോട്ടോർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് എക്സി.എഞ്ചിനീയർ, എൽ എസ് ജിഡി ഡിവിഷൻ ജില്ലാപഞ്ചായത്തിന് 23.12.21 ൽ കത്ത് നൽകിയെങ്കിലും ലഭിച്ചില്ല. മോട്ടോർ സപ്ലൈ ചെയ്ത

സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് അനുസരിച്ചാണ് സാമഗ്രികൾ വാങ്ങിയത്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് 11/2018/തസ്വഭവ/29.1.2019 ഖ.3.8.2(7) ൽ ഇലക്ട്രിക്കൽ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും മേൽ നോട്ടം വഹിക്കേണ്ടതും ഈ ആവശ്യത്തിനായി പ്രത്യേക കമ്മറ്റിയുടെ സേവനം ഉപയോഗിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-50 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്

താഴെ പറയുന്ന പദ്ധതികളിൽ വിവിധ ഏജൻസികളിൽ തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി നം./ പദ്ധതിയുടെ പേര്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ/വൗച്ചർ നം/തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 282/22കോക്ളിയാർ ഇംപ്ലാന്റേഷൻ (ഐസിഡിഎസ് സൂപ്പർവൈസർ) | 28/ 5.3.22-150000/- | സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറിയത്. |
| 2 | 248/22 സ്ട്രീറ്റ് മെയിൻ വലിക്കൽ (സെക്രട്ടറി ) | 1,99,991/- ബിൽ നം.416/11.03.22 | കെഎസ് ഇ ബി കൊരട്ടിക്ക് നൽകിയത് |
| 3 | 208/22 ഇരട്ട ലക്ഷം വീടുകൾ ഒറ്റ വീടാക്കൽ (സെക്രട്ടറി ) | 17/20.9.21-738856/- 22100880/22.10.21-9,95,000 - 22100775/22.9.21-19,66,144/- | കേരള സ്റ്റേറ്റ് ഹൗസിങ്ങ് ബോർഡിന് കൈമാറിയത് |
| | | | |

| | | | |
|---|---|---|---|
| 4 | 1/22 ഐ കെ എം ഷെയർ നൽകൽ (സെക്രട്ടറി ) | 12/10.9.21- 78585 | മിഷൻ ഡയറക്ടർ ഐ കെ എം ന് നൽകിയത് |
| 5 | പദ്ധതി നം : 62/22 കാൻ തൃശൂർ (മെഡിക്കൽ ഓഫീസർ FHC) | 22/21-22 , 19-1-2022-80000/- | ജില്ലാപഞ്ചായത്തിന് കൈമാറിയത് |

## 1-51 കെൽട്രോണിന് കമ്പ്യൂട്ടർ അനുബന്ധ പദ്ധതികൾക്കായി തുക കൈമാറിയത് -ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

കെൽട്രോണിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലിനായി താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെൽട്രോണുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുമ്പോൾ കാലതാമസം വരുന്നതിന്റെ വിവരം സർക്കാർ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.19/28.11.22 നൽകിയതിന് ലഭിച്ച മറുപടിയിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതി നം./ പദ്ധതിയുടെ പേര് | ബിൽ നം/ തുക | റിമാർക്സ് |
|---|---|---|---|
| 1 | 264/22 പഞ്ചായത്തിലേക്ക് എൽസിഡി പ്രൊജക്റ്റർ വാങ്ങൽ | 40/23.3.22-74915 | PRF-Tvm/ITGB/P1/M/1056/21-22/19.3.22 പ്രകാരം തുക കൈമാറിയത്. സ്ക്രീൻ മാത്രം ലഭിച്ചു |
| 2 | 272/22 പഞ്ചായത്ത് ലൈബ്രറിയിലേക്ക് | 22101856/18.3.22 39295/- | PRF-Tvm/ITGB/P1/RC/36168/20- |

| | | | |
|---|---|---|---|
| | കമ്പ്യൂട്ടർ വാങ്ങൽ | 22101658/26.3.22 - 2858/- | 21/8.3.22 പ്രകാരം തുക കൈമാറിയത്. നിരക്ക് വ്യത്യാസം വന്നതിനാൽ കെൽട്രോൺ പുതിയ നിരക്ക് ആവശ്യപ്പെട്ടു. |
| 3 | 271/22 വിഇഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 38/21.3.22- 50616/- | PRF- Tvm/ITGB/P1/RC/36110/20-21/7.3.22 പ്രകാരം തുക കൈമാറിയത്. നിരക്ക് വ്യത്യാസം വന്നതിനാൽ കെൽട്രോൺ പുതിയ നിരക്ക് ആവശ്യപ്പെട്ടു. |
| 4 | 273/22 പഞ്ചായത്ത് ഓഫീസിലേക്ക് ഹൈ സ്പീഡ് സ്കാനർ,മോണിറ്റർ അനുബന്ധ ഉപകരണങ്ങൾ | 37/21.3.22- 96949/- 41/23.3.22- 24000/- 22101713/25.3.22- 3754/- | PRF- Tvm/ITGB/PM/RM/0983-1/21-22/21.3.22 പ്രകാരം തുക കൈമാറിയത്. മോണിറ്റർ മാത്രം ലഭിച്ചു. |

ക്രമനം.2 &3 പദ്ധതികൾക്കായി കെൽട്രോണിന് തുക കൈമാറിയത് മാർച്ച് അവസാനമാണ്.തുക കൈമാറിയ ശേഷം വർക്ക് ചെയ്യാൻ സാധിക്കാതെ വരികയും കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ നിരക്കിൽ വ്യത്യാസം വന്നുവെന്നും ആയതിനാൽ പുതിയനിരക്കിലേ വർക്ക് ഓർഡർ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സമയപരിധി പാലിക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേക നിർദ്ദേശമുള്ളതാണ്. സാമ്പത്തിക വർഷം അവസാന മാസത്തിലേക്ക് പദ്ധതി നീട്ടിക്കൊണ്ടുപോയതിനാൽ ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിച്ചില്ല. മേൽ പദ്ധതികൾ എല്ലാം തന്നെ തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യവയാണ്. എന്നിട്ടും പദ്ധതിയുടെ നടത്തിപ്പിൽ

വന്ന കാലതാമസം നീതികരിക്കാവുന്നതല്ല.പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികളിൽ (പദ്ധതി നമ്പർ-273/22, 271/22, 283/22, 272/22, 264/22) കെൽട്രോണിന് മുൻകൂർ ആയി തുക അനുവദിക്കുകയും എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭിക്കാത്തതുമാണ്. മുൻകൂർ തുക കൈമാറിയപ്പോൾ ആയത് അഡ്വാൻസ് ആയി ഉൾപ്പെടുത്തിയില്ല.മുൻകൂർ ആയി കൈമാറുന്ന തുകകൾ അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതം സാധനങ്ങൾ/സേവനങ്ങൾ ലഭ്യമാകുന്ന മുറക്ക് മാത്രം അനുയോജ്യമായ ആസ്തി/ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-52 കന്നുകുട്ടി പരിപാലനം -തീറ്റ മുഴുവൻ കൈപ്പറ്റാത്ത വ്യക്തികൾക്കായി അടവാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതി നമ്പർ-61/22

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

വൗച്ചർ നമ്പർ -22101176/30.10.21&22101734/23.12.21-562500/-

21-22 സാമ്പത്തിക വർഷം കന്നുകുട്ടികൾക്കുള്ള തീറ്റ വിതരണത്തിനായി എസ് എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് മേൽ പ്രകാരം തുക കൈമാറി. തീറ്റ വിതരണം നടത്തുന്ന സൊസൈറ്റിയുടെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ പോൾ വർഗ്ഗീസ് പെരേപ്പാടൻ എന്ന വ്യക്തി 2 തവണ മത്രമേ തീറ്റ വാങ്ങിയിട്ടുള്ളൂ. തീറ്റ മുഴുവൻ കൈപ്പറ്റാത്ത വ്യക്തികൾക്കായി അടവാക്കിയ ഗുണഭോക്തൃ വിഹിതം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. തീറ്റ വിതരണം പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-53 കോഴി വളർത്തൽ ജനറൽ പദ്ധതി - പദ്ധതി വിഹിതത്തിനു പകരം മുൻവർഷം ബാക്കി നിന്ന ഗുണഭോക്തൃ വിഹിതം ചെലവഴിച്ചു

പദ്ധതി നമ്പർ-52/22(2021-22)& 50(So) (22-23)

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

വൗച്ചർ നമ്പർ- 22101736/23.12.21

22101841/10.3.22

22101880/23.03.22

2021-22 ൽ നടപ്പിലാക്കിയ കോഴി വളർത്തൽ ജനറൽ പദ്ധതിയിൽ 814 ഗുണഭോക്താക്കളിൽ നിന്ന് 300 രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുണ്ട്. (814*300= 244200) 2021-22 ലും 22-23 ലെ സ്പിൽ ഓവർ പദ്ധതികളിലുമായി 812 പേർക്കാണ് കോഴികളെ നൽകിയിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതം കോഴികളെ സപ്ലൈ ചെയ്ത സ്ഥാപനത്തിന് കൈമാറിയപ്പോൾ 812 പേരുടെ ഗുണഭോക്തൃ വിഹിതമായ 243600 രൂപ നൽകേണ്ടതിനു പകരം 248400 രൂപ പിൻവലിച്ച് നൽകി (21-22 ൽ 152700 രൂപയും 22-23 ൽ 95700 രൂപയും അടക്കം ആകെ 248400 രൂപ) അതായത് ഈ ഇനത്തിൽ 4800 രൂപ അധികം നൽകി . പ്ളാൻ വിഹിതം ആകെ 812 പേർക്ക് 300 രൂപ നിരക്കിൽ 243600 രൂപ പിൻവലിക്കേണ്ടതിനു പകരം 2 പദ്ധതികളിലുമായി 221700 (2021-22ൽ) & 17100 (22-23ൽ) = 238800 ആണ് പിൻവലിച്ചിരിക്കുന്നത്. ആകെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ അടവാക്കിയത് 244200 ആണെന്നിരിക്കെ അധികം ഗുണഭോക്തൃ വിഹിതം നൽകാനിടയായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.31/29.11.22) മറുപടി ലഭ്യമാക്കിയില്ല. 244200 രൂപ ഗുണഭോക്തൃ വിഹിതം ഈ പദ്ധതിക്കായി ലഭ്യമായെങ്കിലും ആയതിൽ 2 പേർക്ക് കോഴികളെ നൽകിയിട്ടില്ല. പ്രസ്തുത വ്യക്തികളുടെ ഗുണഭോക്തൃ വിഹിതവും (600രൂപ) കൂടാതെ 4200 രൂപ അധികമായും തനത് ഫണ്ടിൽ നിന്ന് ഗുണഭോക്തൃ വിഹിതം ഇനത്തിൽ നൽകിയതെങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ ട്രഷറി ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. സാംഖ്യയിലെ വൌച്ചർ പ്രകാരമാണ് ചെലവ് പരിശോധിക്കാനായത്. രേഖകൾ ഓഡിറ്റിന് സമയബന്ധിതമായി ഹാജരാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

## <u>1-54 അഗതി രഹിത കേരളം പദ്ധതി - അംഗീകാരം ലഭിച്ച പദ്ധതിക്ക് അനുസൃതമായി ഫണ്ട് വകയിരുത്തുന്നില്ല.</u>

8.3.19 ലാണ് കൊരട്ടി പഞ്ചായത്തിന്റെ അഗതി രഹിത കേരളം പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. മൂന്ന് വർഷം ആണ് പദ്ധതി കാലാവധി. എന്നാൽ 2021-22 ൽ പൂർത്തീകരിക്കേണ്ട പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ ലക്ഷ്യം, പൂർത്തീകരണത്തോത് എന്നിവ താഴെ കൊടുക്കുന്നു.

| ക്രമ നം | ആവശ്യകത | തോത് | എണ്ണം | നൽകിയത് |
|---|---|---|---|---|
| 1 | വീട് | 400000 | 23 | 4 |

| | | | | |
|---|---|---|---|---|
| 2 | വീട് പുനരുദ്ധാരണം | 50000 | 28 | 7 |
| 3 | കുടിവെള്ളം | 5000 | 2 | 1 |
| 4 | ടോയ്‌ലെറ്റ് | 12000 | 3 | 1 |
| 5 | ഭൂമി | 300000 | 6 | 0 |

മേൽ പ്രവൃത്തികൾക്കായി ലഭ്യമാക്കേണ്ടിയിരുന്ന പ്ലാൻ വിഹിതം 1,32,21,000 രൂപ ആയിരുന്നു. എന്നാൽ 3 വർഷങ്ങളിലായി ആകെ കൈമാറിയത് 5,50,000 രൂപ മാത്രമാണ്. ഈ തുക കൂടാതെ ആശ്രയ ഫണ്ട് ബാലൻസ് (മുൻബാക്കി), പലിശ എന്നിവ ഉപയോഗിച്ചാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. സമൂഹത്തിലെ ഏറ്റവും അവശരായ അഗതി രഹിത കേരളം ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-55 ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി വ്യവഹാര നടപടികളിൽ തടസ്സപ്പെട്ടിരിക്കുന്നു.

ഫയൽ നമ്പർ ബി 3 6471/2019

ഓഡിറ്റ് എൻക്വയറി നം. 25 തി. 29-11-22

13-ാം വാർഡിൽ കിഴക്കുമുറി വില്ലേജിൽ സർവ്വെ നം. 767/ 12,13ൽ ഉൾപ്പെട്ട .202 ഹെക്ടർ സ്ഥലം 7-9-17 ൽ ശ്രീ.ജെയിംസ് ഊക്കൻ ഗ്രാമപഞ്ചായത്തിന് വിട്ടൊഴിഞ്ഞ് നല്കിയിരുന്നു. ഈസ്ഥലത്ത് കുളം കുഴിക്കാനാരംഭിച്ച സംഗതിയിൽ ശ്രീ.മുകുന്ദൻ,തടത്തിൽ, വേലൂപ്പാടം മുതൽ പേർ ബഹു. മുൻസിഫ് കോടതിയിൽ ഒ.എസ്. 1595/18ആയി കേസ് നൽകുകയും ബഹു. ലോകായുക്തയിൽ 249/2019 A ആയി പരാതി നല്കുകയുമുണ്ടായി. ജില്ലാ കളക്ടർ 29-9-21 ലെ B11 10077/2019 നംപർ ഉത്തരവു പ്രകാരം കുളം നിർമിക്കുന്നത് തടഞ്ഞ സാഹചര്യത്തിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 28 അനുസരിച്ച് സർക്കാരിലേക്ക് റിവിഷൻ ഹർജി നല്കിയിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലും ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

കാർഷിക/കുടിവെള്ള ആവശ്യത്തിന് ഏകദേശം 300 ലധികം കർഷകർക്ക്/കുടുംബങ്ങൾക്ക് ഉപകാരപ്പെടുന്ന പ്രൊജക്റ്റാണിതെന്നാണ് ഫയൽ പരിശോധനയിൽ മനസ്സിലാകുന്നത്. നിലവിൽ ഈ കർഷകരുടെ ജലസേചന സൗകര്യങ്ങൾ നിറവേറ്റുന്നതങ്ങനെയെന്ന് വ്യക്തമല്ല. ഈ പ്രദേശത്ത് വഴിച്ചാൽ കുളം ഉപയുക്തമാക്കി ഒരു ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി മാത്രമേ നിലവിലുള്ളൂവെന്ന്

ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്റ്റുകൾ ആയതിന്റെ ജലസ്രോതസ്സ് ഇതുമായി ബന്ധപ്പെട്ട് റജിസ്റ്റർ ചെയ്ത ഗുണഭോക്തൃ സമിതികൾ ഇവരുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാർ ഉൾപ്പടെയുള്ള ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശത്തിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിക്കു വേണ്ടി തുടർ ചെലവുകൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ ആവശ്യമായ മറ്റു ചെലവു രേഖകൾ ഹാജരാക്കാതിരുന്നതിനാലും നിജസ്ഥിതി വിലയിരുത്താനായിട്ടില്ല.

## 1-56 1960 ലെ കേരള ലാന്റ് അസൈൻമെന്റ് ആക്റ്റ് പ്രകാരം ഭൂമി വിട്ടൊഴിഞ്ഞ് നൽകുന്നതു സംബന്ധിച്ച്

ഫയൽ നം. ബി2 3332/21

ഓഡിറ്റ് എൻക്വയറി നം. 24 തിയ്യതി 29-11-22

ശ്രീ. അബ്ദുൾ റസാഖ് ടിയാളുടെ ഭാര്യ ശ്രീമതി. സുലേഖ തേറമ്പാടത്ത് ബിൽഡിങ്ങ് ആലുവ എന്നവരുടെ വസ്തുവിൽ ഇടവഴിയായി പതിഞ്ഞുകിടക്കുന്ന സർവ്വെ 519/8 ൽ .0226 ഹെ. സ്ഥലം പട്ടയം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിലേക്ക് വിട്ടൊഴിഞ്ഞ് നൽകുന്നതിന് 16-3-20 ലെ 22/1 നംപറായി ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ 23-6-20 ന് ബി4 10216/2019 ആയി സെക്രട്ടറി അനുകൂലമായി റിപ്പോർട്ടു നൽകുകയുണ്ടായി. ശ്രീ. പി.വി ബിജു ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് മറ്റു മൂന്നു മെമ്പർമാരടങ്ങിയ പ്രത്യേക കമ്മിറ്റി സ്ഥലപരിശോധന നടത്തുകയും ഇടവഴി പൊതുജനങ്ങൾ ഇപ്പോൾ ഉപയോഗിച്ചു വരുന്നില്ലായെന്നും ആയതിനാൽ ഇടവഴിയുൾപ്പടെയുള്ള കൈവശക്കാരുടെ സ്ഥലം അളന്നു തിരിക്കുന്നതിനും നിലവിൽ തെക്കു കിഴക്കേ അതിരിലിലൂടെ കടന്നു പോകുന്ന കൈവശക്കാരുടെ വെള്ളച്ചാൽ ഗ്രാമ പഞ്ചായത്തിന് വിട്ടൊഴിഞ്ഞു ലഭിക്കുന്നതിനും ഇടവഴിയായി ഇപ്പോൾ രേഖകളിലുള്ള സ്ഥലം സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനും ശുപാർശ ചെയ്യുകയുണ്ടായി. തുടർന്നു 31-1-22 ന് താലൂക്ക് സർവ്വെയർ സ്ഥലം അളക്കുകയും സർവ്വെ 519/8 ൽ .0464 ഹെ. സ്ഥലം അനധികൃത കയ്യേറ്റം ഉള്ളതായും നിലവിൽ വെള്ളച്ചാൽ ആയി കിടക്കുന്ന ഭൂമി സർവ്വെ 519/9 ൽ .0234 ഹെ. ആണെന്നും രേഖപ്പെടുത്തിയ സ്കെച്ച് ലഭ്യമാക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 1957 ലെ കേരള ഭൂസംരക്ഷണ നിയമം വകുപ്പ് 6 പ്രകാരം വില്ലേജ് ആഫീസർ ഫാറം എ, കയ്യേറ്റസ്കെച്ച്, മഹസ്സർ എന്നിവ ഉൾപ്പടെ സർവ്വെ 519/8 ൽ .0464 ഹെ. കയ്യേറ്റം ഒഴിപ്പിക്കുന്നതിനു നോട്ടീസ് നടത്തുകയുണ്ടായി.

22-4-22 ൽ തീരുമാനം നം. 10/1 ആയി ഇടവഴി പുറമ്പോക്ക് കയ്യേറ്റക്കാർക്ക് പട്ടയം ലഭിക്കുന്നതിനു വിട്ടൊഴിഞ്ഞു നൽകുന്നതിന് വീണ്ടും തീരുമാനമെടുക്കുകയുണ്ടായി. ഇക്കാര്യത്തിൽ നിലവിൽ

വെള്ളച്ചാൽ ആയി കിടക്കുന്ന ഭൂമി .0234 ഹെ. ആണെന്നു വ്യക്തമാക്കുന്നു. എന്നാൽ അനധികൃത കയ്യേറ്റം നടത്തിയ 519/8 ലുള്ള ഭൂമി വിട്ടൊഴിയുന്നതിനും നിലവിൽ ശ്രീ. അബ്ദുൾ റസാഖിന്റെതായുള്ളതും സർവ്വെ 519/9 ൽ .0234 ഹെ. ആയിട്ടുള്ളതുമായ വെള്ളച്ചാൽ ഗ്രാമപഞ്ചായത്തിന് വിട്ടു നൽകുന്നതിനുമായി 23-7-22 ൽ ഏർപ്പെട്ട കരാറിൽ വിട്ടു നൽകേണ്ട വെള്ളച്ചാലിന്റെ വിസ്തൃതി രേഖപ്പെടുത്തിയിട്ടില്ല. റവന്യൂ രേഖകൾ, തഹസിൽദാർ (ഭൂരേഖാ) കത്ത് നം. ബി 6 10731/21 തിയ്യതി 2-3-22 എന്നിവ പ്രകാരംസർവ്വെ 519/8 ൽ .0464 ഹെ. കയ്യേറ്റമുണ്ട് എന്നാൽ ഗ്രാമപഞ്ചായത്ത് രേഖകളിൽ ഇത് .0226 ഹെ എന്നാണ് കാണുന്നത്. മേൽകാര്യത്തിൽ ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി നം : 59/22

പദ്ധതിയുടെ പേര് : ഹോമിയോ മരുന്ന് വാങ്ങൽ
നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി. എച്ച്. സി

ബിൽ നം /തീയതി : 11/21-22 , 22-11-2021

തുക : 200000രൂപ

മേൽ ബിൽ പ്രകാരം 200000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. 123539/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്, ബാക്കി തുകയായ 76461/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ:18, തീയതി :28/11/2022)

## 1-58 മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളിലായി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി KMSCL ന് തുകകൾ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം/പേര് | ബിൽ/ വൗച്ചർ നം, തീയതി | KMSCL ന് കൈമാറിയ തുക | മരുന്ന് / ഉപകരണങ്ങൾ |
|---|---|---|---|
| 195/പെയിൻ ആന്റ് | 21/21-22, 19-1-2022 | 40880/- | മരുന്ന് |

| | | | |
|---|---|---|---|
| പാലിയേറ്റീവ് കെയർ | | | |
| 260/FHCയിലേക്ക് മരുന്ന് വാങ്ങൽ | 18/21-22, 7-1-2022 | 47701/- | മരുന്ന് |
| 260/FHCയിലേക്ക് മരുന്ന് വാങ്ങൽ | 17/21-22, 7-1-2022 | 170000/- | മരുന്ന് |
| 27/PHCയിലേക്ക് മരുന്ന് ഗ്ലൂക്കോസ് സ്ട്രിപ്പ് എന്നിവ വാങ്ങൽ | 13/21-22, 10-12-2021 | 100000/- | മരുന്ന് |
| 196/ആയുർവേദ ഹോമിയോ ആശുപത്രിക്ക് പരിശോധന ഉപകരണങ്ങൾ വാങ്ങൽ | 19/21-22, 19-1-2022 | 10707/- | പരിശോധന ഉപകരണങ്ങൾ |
| 9/പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 16/21-22, 23-12-2021 | 51104/-(ഈ തുകയിൽ 38220/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്) | 12884 രൂപയുടെ മരുന്ന് |
| 9/പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 22101665/ 23-3-2022 | 6356/- | എയർബെഡ് |
| 9/പെയിൻ ആന്റ് | 22101397/ 4-2-2022 | 92931/- | മരുന്ന് |

| | | | |
|---|---|---|---|
| പാലിയേറ്റീവ് കെയർ | | | |
| 9/പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 22101398/ 4-2-2022 | 198420/- | മരുന്ന് |
| 9/പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 22101532/ 21-2-22 | 23263/- | മരുന്ന് |

മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമായതിന്റെ രേഖകൾ, ഇവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ:22,28/29-11-22 & ഓഡിറ്റ് അന്വേഷണം നമ്പർ:18/28-11-22 ).

## 1-59 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം-രേഖകൾ ഹാജരാക്കേണ്ടതാണ്

പദ്ധതി നം : 123/22

പദ്ധതിയുടെ പേര് :വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം

വൗച്ചർ നം /തീയതി : 22101399 , 4-2-2022

തുക : 60000രൂപ

വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം എന്നപദ്ധതിയിൽ 60000/-രൂപ തനത് ഫണ്ടിനത്തിൽ ചെലവായിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിവരം/ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ:28, തീയതി :29/11/2022) വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-60 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറിസ് കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ക്യാഷ്ബുക്ക് എഴുതിയിട്ടില്ല. കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.
( ഓഡിറ്റ് എൻകവയറി നം. 1 തിയ്യതി 21-4-22 )

## 1-61 പഞ്ചായത്ത് എൽ പി സ്കൂൾ ലാബ് സെറ്റ് ചെയ്യൽ

പദ്ധതി നം. 275/22

പഞ്ചായത്ത് എൽ പി സ്കൂൾ ലാബ് സെറ്റ് ചെയ്യൽ

നിർവ്വഹണ ഉദ്യാഗസ്ഥൻ - ഹെഡ്മിസ്ട്രസ്

അടങ്കൽ - 150000

ചെലവ് - 143321

പഞ്ചായത്ത് എൽ പി സ്കൂളിൽ ലാബ് സെറ്റ് ചെയ്യുന്നതിനായി 4 കമ്പ്യൂട്ടറുകളും യുപിഎസും വാങ്ങുന്നതിനായി 143321 രൂപ ബിൽ നം.5/19.3.22 പ്രകാരം കേരള ഐ ടി മിഷന് നല്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ Not Issued എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് ആരാഞ്ഞപ്പോൾ കമ്പ്യൂട്ടറുകളും യുപിഎസും ലഭ്യമായിട്ടില്ലാ എന്നാണ് അറിയിച്ചത്. ഓഡിറ്റ് എൻകവയറി നം. 7/24.11.22 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇൻവോയ്സ് ജനറേറ്റ് ചെയ്ത് 143321രൂപ 19.3.2022 ന് കെൽട്രോണിന് കൈമാറിയെങ്കിലും UTR No. ലഭിച്ച് വർക്ക് ഓർഡറിനായി ശ്രമിച്ചപ്പോൾ സൈറ്റിൽ ഫെസിലിറ്റി ലഭ്യമല്ലാത്തതിനാൽ വർക്ക് ഓർഡർ ചെയ്യുവാൻ സാധിച്ചില്ല.

തുടർന്ന് കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ പുതുക്കിയ നിരക്ക് പ്രകാരം പുതിയ ഇൻവോയ്സ് ജനറേറ്റ് ചെയ്തതിനു ശേഷം മാത്രമേ വർക്ക് ഓർഡർ ചെയ്യാൻ സാധിക്കൂ എന്നറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുകയിൽ വ്യത്യാസം വന്നതിനാൽ അധിക തുക അടക്കുന്നതിലേയ്ക്ക് ഉചിതമായനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-62 ലൈഫ് മിഷൻ (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ കോന്നൂർ സർക്കിൾ

പദ്ധതി നം. 101/2022

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ (ജനറൽ) ഭവന നിർമ്മാണ പദ്ധതിയ്ക്കായി 4400000രൂപ വകയിരുത്തുകയും 2224400രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി കരാർ വെച്ച ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നല്കിയതുക/തിയ്യതി |
|---|---|---|
| 1 | ഷീജ മണി<br>കല്ലാട്ട ഹൗസ്<br>കൊരട്ടി | 40000/1.9.21<br>160000/26.5.22 |
| 2 | രാധ രാമചന്ദ്രൻ<br>നെടുംപറമ്പിൽ ഹൗസ് | 40000/21.3.22<br>160000/9.5.22<br>100000/14.9.22 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/28/11/2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. [ഓഡിറ്റ് അന്വേഷണം നമ്പർ:21/28.11.2022]

## 1-63 ലൈഫ് മിഷൻ (എസ് സി)

ലൈഫ് മിഷൻ (എസ് സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ കട്ടപ്പുറം സർക്കിൾ

പദ്ധതി നം. 53/2022

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ (എസ് സി) ഭവന നിർമ്മാണ പദ്ധതിയ്ക്കായി 3600000രൂപ വകയിരുത്തുകയും 2635169രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണത്തിനായി കരാർ വെച്ച ഗുണഭോക്താക്കളിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നല്കിയതുക/ തിയ്യതി |
|---|---|---|
| 1 | ബിന്ദു ,ഷൈജു പുതിയേടത്ത് ഹൗസ് നാലുകെട്ട് | 40000/5.3.22 |
| 2 | ആനന്ദി.സി. W/O രാജേന്ദ്രൻ കാർത്തിക ഹൗസ് ആറ്റപ്പാടം | 40000/21.3.22<br>160000/21.9.22<br>100000/21.8.22 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകചയറിയ്ക്ക് (20/28.11.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-64 ഡയറി ഫാം ഇൻസ്ട്രക്ടർ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

( ഓഡിറ്റ് എൻകചയറി നം.3 തിയ്യതി 21-11-22 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഡയറി ഫാം ഇൻസ്ട്രക്ടർ ക്യാഷ്ബുക്ക് എഴുതിയിട്ടില്ല. ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

## 1-65 പ്രൊജ. നം. 249/22 –അസറ്റ്/ റോഡ് മാപ്പിങ് പ്രൊജക്റ്റ് പൂർത്തികരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

റോഡ് കണക്റ്റിവിറ്റ് മാപ്പിങ് ഇനത്തിൽ വാർഡ് ഒന്നുക്ക് ₹ 3000- വീതം ആകെ ₹ 57000- ഓഡിറ്റ് കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്.

അസറ്റ് റോഡ് മാപ്പിങ് പ്രൊജക്റ്റ് (ആർട്രാക്ക്) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആർട്രാക്ക് പ്രൊജക്റ്റ് ചീഫ് എഞ്ചിനിയർ നല്കിയ നിർദേശങ്ങൾ താഴെ ചേർക്കുന്നതുപ്രാകാരമാണ്.

(1) മേൽപ്രകാരം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് വാർഡ് ഒന്നുക്ക് പരമാവധി ₹ 3000- ചെലവഴിക്കാവുന്നതാണ്.

(2) റോഡുകൾ ആയതിന്റെ ഭാഗമായ സംരക്ഷണ ഭിത്തി, ഡ്രെയിനേജ്, കുളങ്ങൾ. കെട്ടിടങ്ങൾ എന്നിവ ട്രാക്ക് ചെയ്ത് ഡാറ്റ തയ്യാറാക്കേണ്ടതാണ്.

(3എ.) തയ്യാറാക്കിയ ഡാറ്റ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ,എക്സി.എഞ്ചിനീയർ എന്നിവർ പരിശോധിച്ച് സാധൂകരണം നല്കണം.

(3ബി.) ഇപ്രകാരം സാധൂകരണം നല്കിയ റോഡുകളുടെയും മറ്റ് ആസ്തികളുടെയും പ്രിന്റ് ഔട്ട് കോപ്പി ബന്ധപ്പെട്ട വാർഡ് മെമ്പർക്ക് നല്കി കൂടിയാലോചന നടത്തണം.

( 4) മേൽപ്രകാരം നടപടികൾക്കു ശേഷം അസി.എഞ്ചിനീയർ അന്തിമമാക്കിയ ഡാറ്റ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കണം.

അസറ്റ് റോഡ് മാപ്പിങ് പൂർത്തികരിച്ചതിന് ഉപോൽബലകമായ രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ അസറ്റ് റോഡ് മാപ്പിങുമായി ബന്ധപ്പെട്ട് മുൻപ് പരാമർശിച്ച നിർദേശങ്ങളൊന്നും പാലിച്ചിട്ടില്ലാത്തതായും കാണുകയുണ്ടായി.

അസറ്റ്/ റോഡ് മാപ്പിങ് ഇനത്തിൽ വാർഡ് ഒന്നുക്ക് ₹ 3000- വീതം ചെലവഴിക്കുന്നതിനാണ് നിർദേശം ഉള്ളത്. എന്നാൽ റോഡ് കണക്റ്റിവിറ്റി മാപ്പിങിന് മാത്രം വാർഡ് ഒന്നുക്ക് ₹ 3000- വീതം ചെലവഴിച്ചതായാണ് പരിശോധനയിൽ കണ്ടത്.

അസറ്റ്/ റോഡ് മാപ്പിങ് പ്രൊജക്റ്റ് പൂർത്തികരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതും മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവുചെയ്തത് വിശദീകരിക്കേണ്ടതുമാണ്.

## 1-66 പ്രൊജ.നം. 168/22 വഴിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്ടെൻഷൻ -അപാകതകൾ

ബിൽ നം. 81 തി. 10-3-22 ₹ 126139-

ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികളുമായി ബന്ധപ്പട്ട് കൃഷിആഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും വഴിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ എന്ന പദ്ധതിയുടെ കാര്യത്തിൽ ആയത് ഇല്ലാത്തതും ഗുണഭോക്തൃ വിഹിതം

വകയിരുത്താതിരുന്നതും പരിശോധനയിൽ കണ്ടു. വഴിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയുടെ റജിസ്റ്റർ ചെയ്ത ഗുണഭോക്തൃസമിതിയുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 5 തി. 26-11-22

## 1-67 ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല

ജി.എസ്.ടി നിയമം 2017 വകുപ്പ് 31, ജി.എസ്.ടി ചട്ടങ്ങൾ 2017 ചട്ടം 31 എന്നിവ പ്രകാരം Issuance Of Invoice Or A Bill Of Supply For Every Supply Of Goods Or Services Or Both Is Mandatory. ബിൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ താഴെ ചേർക്കുന്നതുപ്രാകാരമുള്ള പ്രവൃത്തികൾക്ക് ജി.എസ്.ടി തുക ഉൾപ്പടെ ചെലവു തുക അനുവദിച്ചപ്പോൾ ഉത്തരവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പട്ട കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

| പ്രൊജ.നം. | പ്രൊജ. പേരുവിരം | ജി.എസ്.ടി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 79/22 | തെക്കേ ഇളഞ്ചേരി ബണ്ട്റോഡ് | ₹ 17823- |
| 162/22 | പകൽ വീട് സൈഡ് കെട്ടി സംരക്ഷണം | ₹ 18482- |
| 206/22 | പാരിഷ് ഹാൾ റോഡ് | ₹ 8858- |
| 161/22 | മുല്ലപ്പറമ്പ് റോഡ് | ₹ 19256- |
| 153/22 | സ്നേഹനഗർ കൾവർട്ട് | ₹ 18569- |
| 157/22 | കണ്ടംകുളത്തി കനാൽ ബണ്ട് സംരക്ഷണം | ₹ 4559- |
| 288/22 | ഗാന്ധി നഗർ റോഡ് | ₹ 26565- |
| 173/22 | അംഗൻവാടി മെയിന്റനൻസ് | ₹ 19352- |
| 159/22 | ടെലഫോൺ എക്സ്ചേഞ്ച് റോഡ് റീടാറിംഗ് | ₹ 33263- |

ജി.എസ്.ടി അടവ് വരുത്തിയതുമായി ബന്ധപ്പട്ട വിവരങ്ങൾ കരാറുകാരിൽ നിന്ന് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന്

നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16 തിയ്യതി 16-11-22)

## 1-68 കാലി ബാരലിന്റ വില ബിറ്റുമിനു ചെലവു ചെയ്ത ഫണ്ടിലേക്ക് / ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവധ കരാറുകാരിൽ നിന്നു ₹ 280- നിരക്കിൽ ബിറ്റുമിൻ കാലിബാരലുകളുടെ വില ഈടാക്കി തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജ. നമ്പർ | പ്രൊജ. പേരുവിരം | ഈടാക്കിയ തുക |
|---|---|---|---|
| 1 | 95/22 | സ്രാമ്പിക്കൽ പെരുമ്പി റോഡ് റീടാറിംഗ് | 2800- |
| 2 | 71/22 | പൊങ്ങം ബെത്ലെഹം റോഡ് റീടാറിംഗ് | 2240- |
| 3 | 94//22 | ജെ.ടി.എസ് പെരുമ്പി റോഡ് റീടാറിംഗ് | 1680- |
| 4 | 44/22 | കോനൂർ കനാൽ ബണ്ട്റോഡ് റീടാറിംഗ് | 6440-- |
| 5 | 151/22 | എം.വി ബ്രാഞ്ച് കനാൽ ബണ്ട്റോഡ്റീടാറിംഗ് | 3360- |
| 6 | 160/22 | കണ്ണിത്താഴം ലിങ്ക് റോഡ് മെയിന്റനൻസ് | 3080- |
| 7 | 161/22 | മുല്ലപ്പറമ്പ് റോഡ് റീടാറിംഗ് | 2800- |
| 8 | 163/22 | കണ്ണൂക്കാടൻ റോഡ് റീടാറിംഗ് | 2800- |
| 9 | 154/22 | ജെ.കെ റോഡ് റീടാറിംഗ് | 2240- |
| 10 | 164/22 | പള്ളിക്കുളം റോഡ് റീടാറിംഗ് | 3080- |

ഇപ്പോൾ തനതുഫണ്ടിൽ അടവാക്കിയിട്ടുള്ള കാലി ബാരലിന്റ വില ഓരോ പ്രവൃത്തിക്കുംവേണ്ടി ചെലവു ചെയ്തിട്ടുള്ള ശീർഷകങ്ങളിലേക്ക്/GST വകുപ്പിലേക്ക് അടവാക്കുന്നതാണെന്ന മറുപടിയാണ് നല്കിയിരിക്കുന്നത്. അടവു വിവരങ്ങൾ യഥാസമയം ഓഡിറ്റിന് നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 15 തിയ്യതി 16-11-22)

## 1-69 പ്രൊജ.നം. 244 /22 ആരോഗ്യജാഗ്രതാകേന്ദ്രം കെട്ടിട നിർമാണം കരാറുകാരന് അധികം തുക നല്കി

അടങ്കൽ : ₹6,83,000- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ഭരണാനുമതി 1 (1) തി.18-8-21

സാങ്കേതികാനുമതി LSGD / TS 21-22തി.17-11-21 ₹900400-

കരാർ നം.61/21-22 AE LSGD KTY തി. 14-12-21

കരാറുകാരൻ ശ്രീ.ജോളി ബെന്നി

പി.എ.സി. തുക ₹ 6,09,478.21 + GST

അളവുപുസ്തകം 63/20-21
വൗ.നം.89/21-22 തി.27-3-22

ഓഡിറ്റ് എൻക്വയറി നം. 17തി. 26-11-22

ടെണ്ടർ ക്വാട്ട് ചെയ്ത അറ്റ-നിരക്ക് ( -) 24.17%

സ.ഉ.( പി) 54/19 ധന തി. 4-5-19 വ്യവസ്ഥ 5 (7), (8) എന്നിവ പ്രകാരം കരാർ ഷെഡ്യൂളിലെ ഏതെങ്കിലും ഇനം അധിക അളവിൽ ചെയ്യേണ്ടി വരുമ്പോൾ കരാർ ഷെഡ്യൂളിനെക്കാൾ 25% വരെ കരാർ നിരക്കും ഇതിലുപരി ചെയ്യുന്ന അളവുകൾ, സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്കിന്മേൽ ടെണ്ടർ കുറവ് ക്രമപ്പെടുത്തിയ നിരക്ക് പ്രകാരവുമാണ് കരാറുകാരന് അർഹമായ തുക നൽകേണ്ടത്.

മേൽപ്രകാരം പ്രവൃത്തിയിൽ ഇനം 12( Spec Code 12 .51.1)

ടെണ്ടർ കുറവു ക്രമപ്പെടുത്താതെ ₹ 2918-അധികം നൽകിയിട്ടുള്ളതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്തു തീർക്കേണ്ട അളവ് ---12 മീ

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്ക് ₹ 490.02/1 മീ.

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് ₹ 490/1 മീ.

കരാർ ഷെഡ്യൂളിനെക്കാൾ 25%ലധികം ചെയ്യുന്ന കാര്യത്തിൽ അനുവദിക്കാവുന്ന നിരക്ക് ₹ 490.02 – 24.17% = ₹371.58 / 1 മീ

ചെയ്തു തീർത്ത അളവ് 37 മീ

| ക്രമ നം. 1 ഇനം 12 (Spec Code 12 .51.1) Providing And Fixing Precoated Galvanised Steel Sheet Roofing.............. | |
|---|---|
| A.കരാറുകാരന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക<br>37 മീ X ₹ 490/1 മീ. | ₹ 18,130- |
| B.കരാറുകാരന് അനുവദിക്കാവുന്ന തുക (എ + ബി )<br>(എ) 15 മീ- (12 മീ+25 %=)X490/മീ ₹73550-<br>(ബി) (37മീ-15 മീ) X₹₹371.58 / 1 മീ ₹ 8174.88 | ₹ 15524.88 |
| കരാറുകാരന് അധികം നൽകിയ തുക ( A – B ) + GST 12% | ₹ 2605.12+<br>₹312.61=<br>₹ 2917.73 |

കരാറുകാരന് അധികം നൽകിയ₹ 2918- ഈടാക്കി പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്.
വ്യക്തമായ നഷ്ടം ആയതിനാൽ ഈ പരാമർശം ഭാഗം 3ൽ ഖണ്ഡിക നം.1 ആയി ചേർത്തിട്ടുണ്ട്.

## 1-70 MNREGA പ്രവൃത്തികൾ ആദായനികുതി, ജി.എസ്.ടി- ടി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ല

ഓഡിറ്റ് കാലയളവിൽ NREGA പ്രവൃത്തികളുമായി ബന്ധപ്പെട്ട് സാധനസാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരൻ ശ്രീ. വി.കെ ഗംഗാധരന് താഴെ ചേർക്കുന്നതു പ്രകാരം തുക നൽകുകയുണ്ടായി.

| പ്രവൃത്തിയുടെ പേര് / കരാർ നം. തിയ്യതി | കരാറുകാരന് നല്കിയ തുക/ തിയ്യതി |
|---|---|
| | |

| | |
|---|---|
| കമ്പനിത്തോട് പാർശ്വ ഭിത്തി സംരക്ഷണം/ 5/19-20/MNREGS തി.24-3-20 | (എ)₹98280-/ 18-5-21 (ബി)₹135186-/ 2-7-21 |

മേൽകാര്യത്തിൽ ആദായനികുതി നിയമം 194 സി വകുപ്പു പ്രകാരം ആദായനികുതി, ജി.എസ്.ടി നിയമത്തിനു വിധേയമായി ജി.എസ്.ടി- ടി.ഡി.എസ് എന്നിവ ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. കരാറുകാരിൽ നിന്ന് ആദായനികുതി, ജി.എസ്.ടി- ടി.ഡി.എസ് എന്നിവ ഈടാക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രൊജ.നം. 244 /22 ആരോഗ്യജാഗ്രതാകേന്ദ്രം കെട്ടിട നിർമാണം കരാറുകാരന് ₹2918 - അധികം നൽകി

അടങ്കൽ : ₹6,83,000- ( മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ഭരണാനുമതി 1 (1) തി.18-8-21

സാങ്കേതികാനുമതി LSGD / TS 21-22, തി.17-11-21 ₹900400-

കരാർ നം.61/21-22 AE LSGD KTY, തി. 14-12-21

കരാറുകാരൻ ശ്രീ.ജോളി ബെന്നി

പി.എ.സി. തുക ₹ 6,09,478.21 + GST

അളവുപുസ്തകം 63/20-21
വൗ.നം. 89/21-22 തി.27-3-22

ഓഡിറ്റ് എൻകയറി നം. 17തി. 26-11-22

ടെണ്ടർ ക്വാട്ട് ചെയ്ത അറ്റ-നിരക്ക് ( -) 24.17%

സ.ഉ.( പി) 54/19 ധന തി. 4-5-19 വ്യവസ്ഥ 5 (7), (8) എന്നിവ പ്രകാരം കരാർ ഷെഡ്യൂളിലെ ഏതെങ്കിലും ഇനം അധിക അളവിൽ ചെയ്യേണ്ടി വരുമ്പോൾ കരാർ ഷെഡ്യൂളിനെക്കാൾ 25% വരെ കരാർ നിരക്കും ഇതിലുപരി ചെയ്യുന്ന അളവുകൾ,സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്കിന്മേൽ ടെണ്ടർ കുറവ് ക്രമപ്പെടുത്തിയ നിരക്ക് പ്രകാരവുമാണ് കരാറുകാരന് അർഹമായ തുക നൽകേണ്ടത്.

മേൽപ്രകാരം പ്രവൃത്തിയിൽ ഇനം 12( Spec Code 12 .51.1)

ടെണ്ടർ കുറവു ക്രമപ്പെടുത്താതെ ₹2918 അധികം നൽകിയിട്ടുള്ളതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്തു തീർക്കേണ്ട അളവ് ---12 മീ

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് നിരക്ക് ₹ 490.02/1 മീ.

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് ₹ 490/1 മീ.

കരാർ ഷെഡ്യൂളിനെക്കാൾ 25%ലധികം ചെയ്യുന്ന കാര്യത്തിൽ അനുവദിക്കാവുന്ന നിരക്ക് ₹ 490.02 – 24.17% = ₹371.58 / 1 മീ

ചെയ്തു തീർത്ത അളവ് 37 മീ

| ക്രമ നം. 1 ഇനം 12 ( Spec Code 12 .51.1) Providing And Fixing Precoated Galvanised Steel Sheet Roofing.............. | |
|---|---|
| A.കരാറുകാരന് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക<br>37 മീ X ₹ 490/1 മീ. | ₹ 18,130- |
| B.കരാറുകാരന് അനുവദിക്കാവുന്ന തുക (എ + ബി )<br>(എ) 15 മീ- (12 മീ+25 %=)X490/മീ ₹73550- | ₹ 15524.88 |

| | |
|---|---|
| (ബി) (37മീ-15 മീ) X₹₹371.58 / 1 മീ ₹ 8174.88 | |
| കരാറുകാരന് അധികം നൽകിയ തുക ( A – B ) + GST 12% | ₹ 2605.12+<br>₹312.61=<br>₹ 2917.73 |

കരാറുകാരന് അധികം നൽകിയ₹ 2918- ഈടാക്കി പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 200000 | 0 |
| | 2021-22 | 329015 | ലൈഫ് മിഷൻ (എസ് സി) | 329015 | 0 |
| | 2021-22 | 300000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 300000 | 0 |
| | 2021-22 | 350000 | അങ്കണവാടി പോഷകാഹാര വിതരണം | 350000 | 0 |
| | 2021-22 | 100000 | അഗതി രഹിത കേരളം (ആശ്രയ) | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 2021-22 | 148000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 148000 | 0 |
| | | 2021-22 | 200000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |
| | | 2021-22 | 20000 | വിശപ്പ് രഹിത കേരളം -ജനകീയ ഹോട്ടൽ | 20000 | 0 |
| | | 2021-22 | 820344 | ലൈഫ് മിഷൻ (ജനറൽ) | 140000 | 680344 |
| | | 2021-22 | 914600 | ലൈഫ് മിഷൻ (എസ് സി) | 914600 | 0 |
| | | 2021-22 | 300000 | ഖന്നാനഗർ എസ്. സി കോളനി റോഡ് ഐെറിഷ് കാന നിർമ്മാണം (വാർഡ് 2) | 300000 | 0 |
| | | 2021-22 | 300000 | ഗോൾഡൻ നഗർ എസ്. സി കോളനി റോഡ് ടാറിങ്ങ്(വാർഡ് 17) | 300000 | 0 |
| | | 2021-22 | 18000 | സുവർണ്ണ സായാഹ്നം -വയോജന സൗഹൃദപാർക്ക് നിർമ്മാണം | 18000 | 0 |
| | | 2021-22 | 100000 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | -ഉപകരണങ്ങൾ വാങ്ങൽ | | |
| | 2021-22 | 100000 | ശുചിപൂർണ്ണ-ഹരിതകർമ്മസേന (ഗ്രീൻ കൊരട്ടി കെയർ കൊരട്ടി) | 100000 | 0 |
| | 2021-22 | 100000 | മത്സ്യകൃഷി | 100000 | 0 |
| | 2021-22 | 7063 | വിശപ്പുരഹിത കേരളം | 7063 | 0 |
| | 2021-22 | 50000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 50000 | 0 |
| | 2021-22 | 380000 | മാമ്പിള്ളിപ്പാടം റോഡ് നിർമ്മാണം(വാർഡ് 9) | 380000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 215952 | 84048 |
| | 2021-22 | 200000 | അഗതി രഹിത കേരളം (ആശ്രയ) | 0 | 200000 |
| | 2021-22 | 200000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2021-22 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 300000 | 0 |
| | 2021-22 | 200000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം | 200000 | 0 |

| | | | | |
|---|---|---|---|---|
| | | ചെയ്യുന്ന പാലിന്സബ്സിഡി | | |
| 2021-22 | 250000 | അങ്കണവാടി പോഷകാഹാര വിതരണം | 250000 | 0 |
| 2021-22 | 700000 | ചൂരക്കുളം കെട്ടി സംരക്ഷിക്കൽ | 697178 | 2822 |
| 2021-22 | 250000 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ -ഉപകരണങ്ങൾ വാങ്ങൽ | 249999 | 1 |
| 2021-22 | 1000000 | എൽ .പി. സ്ക്കൂളിൽ അടിസ്ഥാന സൗകര്യ വികസനം | 776939 | 223061 |
| 2021-22 | 500000 | ജലരക്ഷ ജീവരക്ഷ 2019-20 കട്ടപ്പുറം ലിഫ്റ്റ് ഇറിഗേഷൻ പമ്പ് ഹൗസ് നിർമ്മാണം | 476112 | 23888 |
| 2021-22 | 175000 | വാർഡ് 19 അംഗൻവാടി മെയിന്റനൻസ് | 159359 | 15641 |
| 2021-22 | 175000 | വാർഡ് 15 അംഗൻവാടി മെയിന്റനൻസ് | 173612 | 1388 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 600000 | വാലുങ്ങാമുറി ബ്രാഞ്ച് റോഡ് ഉദ്ധാരണ പ്രവൃത്തികൾ | 528402 | 71598 |
| | 2021-22 | 700000 | വാലുങ്ങാമുറി ബ്രാഞ്ച് കനാൽബണ്ട്റോഡ് ഉദ്ധാരണ പ്രവൃത്തികൾ | 600123 | 99877 |
| | 2021-22 | 117148 | മത്സ്യകൃഷി | 117148 | 0 |
| | 2021-22 | 1500000 | ആയുർവേദ ആശുപത്രികെട്ടിടം നവീകരണം | 741159 | 758841 |
| | 2021-22 | 4000000 | എസ്. സി ഫ്ലാറ്റ് നിർമ്മാണം | 0 | 4000000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെകൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSHB | ഇരട്ട ലക്ഷം വീടുകൾ ഒറ്റ വീടാക്കി മാറ്റൽ | 3700000 | 0 | 3700000 |
| KSEB | സ്ട്രീറ്റ് മെയിൻ ലൈൻ | 199991 | 0 | 199991 |

| | | | | |
|---|---|---|---|---|
| | വലിക്കൽ(വാർഡ് 6) | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 407606 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 22673 |
| ആകെ | 430279 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (കേരള ഗ്രാമീൺ ബാങ്ക് എഫ് ഡി നം.40283201150172) | 430279 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തീയതി |
|---|---|---|---|---|
| 2018-19 | 2018-19 | 1829 | ബാബു ആന്റണി | 121020101927 |
| 2019-20 | 1-51 | 1950 | കെ.വി സുകു | 121020101957 |
| 2019-20 | 1-44 | 32140 | ഡെൽറ്റ എഞ്ചിനീയേഴ്സ് | 121020101977 |
| | | | | |

| | | | | |
|---|---|---|---|---|
| 2019-20 | 1-51 | 7910 | ജെയ്ജോ എം ജോസ് | 121020101999 |
| 2019-20 | 1-51 | 6000 | വി.കെ.ഗംഗാധരൻ | 1220102000 |
| 2019-20 | 1-51 | 5700 | വി.കെ.ഗംഗാധരൻ | 1220102000 |
| 2019-20 | 1-56 | 1238 | കൃഷി ഓഫീസർ | 121020102001 |
| 2020-21 | 1-45 | 5500 | എം വി ദേവസ്സി | 121020102052 |
| 2020-21 | 1-45 | 14800 | ജിബിൻ ജേക്കബ് | 121020102005 |
| 2020-21 | 1-30 | 900 | പദ്മിനി പോളിമേഴ്സ് | 121020102492 |
| ആകെ | | 77967 | | |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 22 | 2018-19 | 2 | എസ് സി അപ്പാർട്ട്മെന്ററിന് വേണ്ടി സ്ഥലം വാങ്ങൽ, വാങ്ങിയ സ്ഥലത്തിന്ററെ അനുയോജ്യത ഉറപ്പാക്കിയില്ല. 4105830/- രൂപ തടസ്സപ്പെടുത്തുന്നു | 13-8-2019 തിയതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം, 11-1-2021 ന് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 164623680.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 135347155.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 2918 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2918 | അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

(ഇ) ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 3-1 | 2918 | അമ്പിളി കെ.കെ, | അസി. എഞ്ചിനീയർ | കടൽത്തറയിൽ വീട്, |

| | | | | |
|---|---|---|---|---|
| | | അസി. എഞ്ചിനീയർ | | ചെങ്കൽ, കാലടി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

### 4. ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്കിസ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 1999-2000 (ചെലവ്) | LFT-14/913/03 13.11.03/13.2.04 | 8 | 11,15,18,24,28,29, 30,31(1)(2)(3)(4)(5) | All Cases Surcharge Certificate Issued |
| 2 | 2003-04 | LFT14-1904/08 Dt. 14.09.2009 | 1 | 3-1 | |
| 3 | 2007-08 | LFT-P15/1387/11 21.2.12/18.5.12 | 5 | 3-5,3-6,3-10, 3-11(2),3-13 | |
| 4 | 2008-09 | LFT-P15-1388/11 21.2.12/18.5.12 | 4 | 2-4<br>3-2(2)<br>3-4(3)<br>3-7 | |
| 5 | 2009-10& 2010-11 | LFT(P3)-2383/12 29.4.13/13.8.13 | 2 | 3-13,<br>3-18(1)(3)(4)(5)(6)(11)<br>3-18ബി(1)(2)(4)(5)(6)(8)(9) | |
| 6 | 2011-12 | LFT(P7)1743/13 7.3.14 | 3 | 2-5,3-13<br>3-17(1)(3)(4) | |
| 7 | 2012-13 | LFT(P7)1302/14 10.11.14/12.2.15 | 6 | 3-1,3-3,<br>3-5(F,G,H,I),3-11,<br>3-8(1),3-13 | 3-11(CAR) |
| 8 | 2013-14 | KSA-TSR-P7-1321/15 | 4 | 3-3,3-6,3-7(B)(6) | |

| | | | | | |
|---|---|---|---|---|---|
| | | 4.11.15/5.12.15 | | 3-13(2)(4)(5)(6)(7)(9)<br>(10)(11)(12) | |
| 9 | 2014-15 | KSA-TSR-P7-1255/16<br>26.7.16 | 3 | 3-1,3-5,3-3 | |
| 10 | 2015-16 | KSA-TSR(P7)-105/17<br>28.1.17 | 7 | 3-6,3-9,3-10,3-15,<br>3-18,3-19(1)(3)<br>3-21-2 | |
| 11 | 2016-17 | KSA-TSR(P7)1325/17<br>13.10.17 | 6 | 2-2,2-12,3-3,<br>3-6,3-11,3-13 | |
| 12 | 2017-18 | KSA/TSR/P7/1571/2018<br>Dt.15.10.2018 | 6 | 3-10(1)(6)(8)<br>3-12,3-13,3-14,<br>3-22,3-23 | |
| | **ആകെ** | | **55** | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്